തീം, ഏകാഗ്രത, മിതത്വം, സംഘചാതുരി എന്നിവയാൽ ട്രിവിയൻസ് ബീറ്റ് ഹസ്സ്ലേഴ്സ് എന്ന ബാങ്കേഴ്സ് നൃത്ത സംഘം സഹൃദയ ശ്രദ്ധയേറെ നേടിയ വേദിയായിരുന്നു, ഇക്കഴിഞ്ഞ എറണാകുളം TB ചാപ്പൽ മീറ്റ്.

ഓണവും ഉത്സവഛായയും നിറവാർന്ന്, പ്രകൃതിമനോഹരമായ കേരളം, 'കേരളം' എന്ന സ്വത്വം ഭൂപടത്തിലുറപ്പിച്ച വേളയിൽ വിടരുന്നു, പുതുദളമായി,
Trivian Beat Hustlers ൽ നിന്നും,

ഗ്രീഷ്മ ജെ. പൈ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
അമ്പലമുക്ക് P.B. ബ്രാഞ്ച്,
തിരുവനന്തപുരം.

സ്കൂൾ പഠനകാലത്ത് ക്ലാസ്സിക്കൽ നൃത്തത്തിൽ പരിശീലനം നേടിയിരുന്നു, ഒൻപതാം ഗ്രേഡ് വരെ. പ്രസംഗം, കവിതാപാരായണം, ഉപന്യാസരചന, എന്നിവയിൽ മാറ്റു തെളിയിച്ച അക്കാലത്ത് നൃത്തവേദിയിലൊന്നും സാന്നിധ്യമായിരുന്നില്ല. നൃത്തപാഠങ്ങൾ ഉള്ളിലുറച്ചതാകാം, കോളേജു പഠന കാലത്ത്, കോളേജ് ഡേ നൃത്തവേദികളിൽ സജീവമായിരുന്നു-
ഗ്രീഷ്മയുടെ പ്രതിഭാവികാസ വീഥിയിലൂടെ....

തിരുവനന്തപുരം പട്ടം കേന്ദ്രീയ വിദ്യാലയത്തിലായിരുന്നു, പന്ത്രണ്ടാം ഗ്രേഡ് വരെയുള്ള പഠനം. ചെമ്പഴന്തി ശ്രീനാരായണ കോളേജ് ൽനിന്ന് ഫിസിക്സിൽ ബിരുദവും നേടി.
വഴിച്ചാൽ ഇമ്മാനുവൽ കോളേജിൽ ബിരുദാനന്തരപഠനം തുടരുമ്പോൾ സ്വന്തമായൊരു ജോലിയും സാമ്പത്തിക ഭദ്രതയും എന്ന ആഗ്രഹത്താൽ SSC പരീക്ഷയും ബാങ്ക്ടെസ്റ്റുകളുമെഴുതി. നിരവധി ടെസ്റ്റുകളിൽ വിജയം കണ്ടു. ആദ്യ വിജയം നേടിയ SBI യിൽ നിന്നുള്ള നിയമനം സ്വീകരിച്ചു. 2023 ൽ തിരുവനന്തപുരം LHO യിൽ അസോസിയേറ്റായി ജോയിൻ ചെയ്തു.

ബാങ്കിലെ ആദ്യവർഷം റിപ്പബ്ലിക്ഡേയിൽ നൃത്തമവതരിപ്പിക്കാൻ കഴിഞ്ഞു. തുടർന്ന് LHO യിലെ വിവിധ പരിപാടികളുടെ കോമ്പയറിംഗ്, LHO സിൽവർ ജൂബിലി ആഘോഷ നൃത്താവിഷ്കാരം എന്നിവയിലൂടെ തന്റെകലാവാസനകൾക്ക് പുതുനാമ്പുകൾ കൈവന്നു. തുടർച്ചയായി മൂന്ന് ബാങ്ക് ഡേ- നൃത്തവേദികളിൽ ലഭിച്ച അവസരങ്ങൾ വിലപ്പെട്ടതായി- ഗ്രീഷ്മയുടെ വാക്കുകളിൽ ആഹ്ലാദം അലതല്ലി.

ഇതിനിടയിലൊരു ബാങ്ക്ഡേയിൽ നൃത്ത പരിശീലകനെ സമീപിച്ച് നൃത്തപഠനം തുടരുവാനുള്ള ആഗ്രഹമറിയിച്ചു. അതിലൂടെ, ബാങ്കിൽ നിന്നു തന്നെയുള്ള അനുഗ്രഹീതരായ ഒരു കൂട്ടം സഹപ്രവർത്തകരുടെ നൃത്ത കൂട്ടായ്മയായി പിന്നീട് രൂപാന്തരപ്പെട്ട സംഘത്തിൽ

ഒത്തുചേരുവാനും മോഡേൺ ഡാൻസിൽ പരിശീലനം സിദ്ധിക്കുവാനും ഭാഗ്യമുണ്ടായി. വിവിധ ബാങ്കുകളിൽ നിന്നും കലാപ്രതിഭകളെത്തുന്ന നാട്യസംഘമാണിന്ന്, Trivians.

Trivian Beat Hustlers എന്ന നാട്യ സംഘത്തിന്റെ ചിട്ടയാർന്ന പരിശീലനവും തീമാറ്റിക്ക് പ്രസന്റേഷൻസും രൂപപ്പെട്ടതിനെക്കുറിച്ച് പറയുമ്പോൾ ഗ്രീഷ്മയുടെ വാക്കുകളിൽ ചാരിതാർത്ഥ്യം നിറയുന്നു.

ടാലന്റ്ഡ് ബാങ്കേഴ്സിന്റെ എറണാകുളം (2025) തിരുവനന്തപുരം ചാപ്റ്റർ (2026) മീറ്റുകളിൽ വ്യത്യസ്തതകളേറിയ തീം ഡാൻസുകൾ അവതരിപ്പിച്ച ശേഷമാണ് 2026 ലെ ആലപ്പുഴ മെഗാമീറ്റിന് അവർ വന്നുചേർന്നത്.

(അവരുടെ ശ്രദ്ധേയമായ "ലഹരിമുക്ത സംസ്കൃതി" എന്ന തീം ഡാൻസിന്റെ വിശദവിവരങ്ങൾ കഴിഞ്ഞ ദളത്തിൽ ദേവാനന്ദിനെ അവതരിപ്പിച്ചപ്പോൾ നല്കിയിരുന്നു)

തീം ഡാൻസിൽ ഗ്രീഷ്മയുടെ ഉജ്വലമായ നാട്യ പ്രകടനത്തിനുള്ള അംഗീകാരമായി ഈ ദളം സമർപ്പിക്കുന്നു.

ഇക്കഴിഞ്ഞ ഓഗസ്റ്റ് പതിനഞ്ചിന് എറണാകുളത്തു നടന്ന മൂന്നാമത് TB ചാപ്റ്റർ മീറ്റിൽ ദേവാനന്ദും സംഘവുമവതരിപ്പിച്ച സ്വാതന്ത്ര്യസമര ചരിത്രയേടുകളിലെ ധീരവിപ്ലവഗാഥയിൽ
നിന്നു രൂപപ്പെടുത്തിയ തീം ഡാൻസ്,
Trivians ന്റെ നൃത്തവഴിയിലെ തിളങ്ങുന്ന നാഴികക്കല്ലായി മാറുകയും ചെയ്തു. ഗ്രീഷ്മയുടെ പ്രകടനം മനോഹരമായി. മുൻകാലദളങ്ങായ സുനയനയും ഉമാനന്ദിനിയും ദേവാനന്ദും ഇപ്പോൾ ഗ്രീഷ്മയും ചേരുമ്പോൾ ദളസമൃദ്ധമായി മാറുന്ന Trivian സംഘത്തിന് പ്രത്യേക അഭിനന്ദനങ്ങൾ.

ഗ്രീഷ്മയുടെ കുടുംബവിശേഷങ്ങളിലേക്ക്...

പിതാവ്, ഇന്ത്യൻ എയർഫോഴ്സിൽ സർജന്റ് ആയി സേവനം ചെയ്തു വിരമിച്ച ശ്രീ. എൽ. ജനാർദ്ദന പൈ (M.Tech in Civil Engineering).

മാതാവ്, വീട്ടമ്മയും, ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദധാരിയുമായ (ബോട്ടണിയിലെ ബിരുദശേഷം) ശ്രീമതി സരിതാ പൈ.
എയർഫോഴ്സിൽ നിന്നു വിരമിച്ച ശേഷം അപ്പയും, അമ്മയും ചേർന്ന് 2006 മുതൽ ഒരു ട്യൂഷൻ സെന്റർ നടത്തി വരുന്ന വിശേഷവും ഗ്രീഷ്മ പങ്കുവയ്ക്കുന്നു.

2026 ലെ TB മീറ്റിൽ പങ്കെടുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾക്കിടയിൽ മേയ് മൂന്നിനായിരുന്നു ഗ്രീഷ്മയുടെ വിവാഹം.

മേയ് ഒൻപതിന് മെഗാമീറ്റിൽ പങ്കെടുക്കുവാൻ നവവരനായ വിനോദുമെത്തിയിരുന്നു. ചേർത്തല സ്വദേശിയായ വിനോദ് IBM ൽ ജോലി നോക്കുന്നു. Trivian ഗ്രൂപ്പിന്റെ പരിശീലന പരിപാടികളിലെ സാങ്കേതികസഹായങ്ങളുമായി വിനോദും നൃത്തസംഘത്തിന് തുണയാവുന്നു.

സാഹോദര്യവും നൃത്തപാടവവും കൈമുതലാക്കിയ Trivian സംഘത്തിലെ ഏവരും ഒത്തൊരുമയുടെ സന്ദേശം പകരുന്ന കാഴ്ചയിലുമുണ്ടൊരു സൗന്ദര്യം.

ഗ്രീഷ്മക്കും കുടുംബാംഗങ്ങൾക്കും
ഹൃദയഗംമമായ ഓണാശംസകളോടെ,
ഊഷ്മളമായ അഭിവാദ്യങ്ങൾ.

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

Resplendent in it's theme, unswerving focus, austerity, and coordination, the bankers' dance ensemble- Trivians Beat Hustlers earned warm admiration from the audience gathered at the recently concluded Ernakulam TB Chapter Meet.

As Kerala,in all it's grandeur, blossoms with the colours and aura of Onam, embedding it's idiosyncrasies on the map,we hereby acquaint you with one of the members of Trivian Beat Hustlers.

Greeshma J. Pai
State Bank of India
Ambalamukku P.B. Branch
Thiruvananthapuram.

During her school years, Greeshma received training in classical dance,and she continued it till ninth standard.She demonstrated her proficiency as an orator, and used to participate in recitation and essay writing during the formative years, however she was not active on dance stages.

Probably the lessons of dance got so ingrained in her that during her college years, she performed enthusiastically on the stage during that time. There unfurled another chapter in

Greeshma’s journey of artistic growth.

She completed her schooling till twelfth grade at Kendriya Vidyalaya, Pattom, Thiruvananthapuram, and then earned her bachelor’s degree in Physics from Sree Narayana College, Chempazhanthy.

While pursuing post graduation at Emmanuel College, Vazhichal, her yearning for a career and financial independence served as a catalyst motivating her to appear for the SSC examination as well as various banking tests. She could get through many of them. She accepted the appointment offered by SBI and joined its Thiruvananthapuram LHO as an Associate in 2023.

In the very first year of her banking career, she had the opportunity to perform during the Republic Day celebrations. Thereafter, compering various programmes at the LHO and participating in dance during Silver Jubilee celebrations flourished her artistic pursuits. Greeshma recalls with delight the invaluable opportunities she received to perform at three Bank Day celebrations in a row.

It was during a Bank Day that she approached a dance instructor and expressed her desire to pursue dance training. That decision brought her into the company of a gifted group of colleagues from the banking fraternity giving her a befitting platform to get trained in modern dance.

Trivians is a confluence of artistic talent drawn from different banks.

While Greeshma recollects the particulars of the training, meticulous preparation, and thematic presentations of Trivian Beat Hustlers, her words brim with a fervent sense of fulfilment.

Followed by theme dances performed at the Talented Bankers Ernakulam Chapter Meet in 2025 and the Thiruvananthapuram Chapter Meet in 2026, the group performed at the Alappuzha Mega Meet held in 2026 also.

(The details of their theme dance, 'Laharimuktha Samskrithi' was featured in the profile of Devanand presented earlier.)

This feature is dedicated to Greeshma, in recognition of her splendid performance in the theme dance.

At the third TB Chapter Meet, held in Ernakulam on August 15, Devanand and his team presented a theme dance based on the revolutionary annals of India’s freedom struggle.It turned out to be an unforgettable experience.

With Sunayana, Umanandini, and Devanand, who graced earlier features, now joined by Greeshma, the Trivian ensemble grows even more.

Let us have a glimpse into Greeshma’s family. Her father, Mr L. Janardhana Pai, who holds an M.Tech in Civil Engineering, retired after serving as a Sergeant in the Indian Air Force.Her mother,

Mrs Saritha Pai, is a homemaker and a postgraduate in English Literature, had earlier earned her bachelor’s degree in Botany.

Following her father’s retirement from the Air Force, her parents have been running a tuition centre since 2006.

Greeshma's wedding day was on the third of May, amid the preparations for the 2026 TB meet.

On the ninth of May, her spouse Mr Vinod, was present at the venue of the mega meet.He is a native of Cherthala and works at IBM. He extends his technical expertise to support the Trivian group’s training programmes.

There is a charm that transcends dance , in witnessing the members of the Trivian team bound together and enriched by artistic talent conveying a message of solidarity.

The Talented Bankers community wishes a happy and prosperous Onam to Greeshma and her family.